**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1868** **31-08-2022 - ൽ മറുപടിയ്ക്ക്**

**ചെങ്ങന്നൂരിലെ സ്റ്റേഡിയം നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര സ്റ്റേഡിയങ്ങളുടെ നിർമാണമാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | **കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് 54 സ്റ്റേഡിയങ്ങളുടെ നിർമാണമാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.** |
| (ബി) | ചെങ്ങന്നൂരിലെ സ്റ്റേഡിയം നിർമാണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെങ്ങന്നൂർ സ്റ്റേഡിയത്തിന്റെ 50% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലെ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാർ റദ്ദാക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ കരാറുകാരന് നോട്ടീസ് നൽകുകയും ഇതിനെതിരെ കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്.** |
| (സി) | നിർവ്വഹണ വിഭാഗവും കരാറുകാരും തമ്മിലുള്ള തർക്കങ്ങൾ പരിഹരിച്ച് പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | **പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ എസ്.പി.വി ആയ കിറ്റ്കോയും കരാറുകാരും തമ്മിലുള്ള തർക്കങ്ങൾ ചർച്ച ചെയ്ത് പരിഹരിച്ച് പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ